ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

TIME: 06.30 PM | പ്രധാനവാർത്തകൾ | DATE: 04.04.2025

1) ബിംസ്റ്റക് സഹകരണത്തിനായി 21 ഇന കർമ പദ്ധതി മുന്നോട്ടുവച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി.

2) പാർലമെൻറിൻറെ ബജറ്റ് സമ്മേളനം പൂർത്തിയാക്കി ഇരുസഭകളും അനിശ്ചിത കാലത്തേക്ക് പിരിഞ്ഞു.

3) വിഷുവിനു മുന്നോടിയായി ഒരു ഗഡു ക്ഷേമ പെൻഷൻകൂടി അനുവദിച്ച് സംസ്ഥാനസർക്കാർ.

4) പ്രശസ്ത ചലച്ചിത്രനടൻ രവികുമാർ അന്തരിച്ചു.

5) ചക്രവാതച്ചുഴിയുടെസ്വാധീനത്താൽ സംസ്ഥാനത്ത് ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യത. എട്ട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത

6) യുഎസ് പകരത്തീരുവയെ തുടർന്ന് രാജ്യത്തെ ഓഹരി വിപണികളിൽ വൻ നഷ്ടം. സ്വർണവില കുത്തനെ ഇടിഞ്ഞു.

*******************

RNU TVPM

## പ്രധാനമന്ത്രി

ബിംസ്റ്റക് സഹകരണത്തിനായി 21 ഇന കർമ പദ്ധതി മുന്നോട്ടുവച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി. ദുരന്തനിവാരണം, പാരമ്പര്യ ചികിത്സ എന്നിവയ്ക്കായി മികവിൻറെ കേന്ദ്രവും, നൈപുണ്യവികസനത്തിനായി പ്രത്യേക പദ്ധതിയും ബിംസ്റ്റക്കിൻറെ നേതൃത്വത്തിൽ ആവിഷ്ക്കരിക്കണമെന്നും പ്രധാനമന്ത്രി പറഞ്ഞു. ആഗോളനന്മയ്ക്കുള്ള സുപ്രധാന വേദിയാണ് കൂട്ടായ്മയെന്നും, ബാങ്കോക്കിൽ ആറാമത് ബിംസ്റ്റക് ഉച്ചകോടിയെ അഭിസംബോധന ചെയ്തുകൊണ്ട് അദ്ദേഹം വ്യക്തമാക്കി. മ്യാൻമർ, തായ്ലൻഡ് ഭൂകമ്പ ദുരന്തത്തിൽ ജീവൻ നഷ്ടമായവർക്ക് ശ്രീ മോദി ആദരാഞ്ജലികൾ അർപ്പിച്ചു. തായ്ലൻഡ് സന്ദർശനം പൂർത്തിയാക്കിയ പ്രധാനമന്ത്രി, മൂന്ന് ദിവസത്തെ പര്യടനത്തിനായി ഇന്ന് ശ്രീലങ്കയിലെത്തും.

PNC TVPM

******************

## പാർലമെന്റ് ബജറ്റ് (ഇൻട്രോ)

ബജറ്റ് സമ്മേളനം പൂർത്തിയാക്കി പാർലമെന്റിന്റെ ഇരുസഭകളും അനിശ്ചിത കാലത്തേക്ക് പിരിഞ്ഞു. സമ്മേളനം വളരെ ഫലപ്രദമായിരുന്നെന്ന് പാർലമെന്ററി കാര്യ മന്ത്രി കിരൺ റിജിജു പറഞ്ഞു. പാർലമെന്റിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ ചർച്ചയാണ് വഖഫ് ഭേദഗതി ബില്ലിൽ നടന്നതെന്നും അദ്ദേഹം ന്യൂഡൽഹിയിൽ വ്യക്തമാക്കി.

(ഹോൾഡ്)

സമ്മേളന കാലയളവിൽ ലോക്സഭ 16 ബില്ലുകളും രാജ്യസഭ 14 ബില്ലുകളുമാണ് പാസാക്കിയത്. ജനുവരി 31 ന് രാഷ്ട്രപതിയുടെ അഭിസംബോധനയോടെ ആരംഭിച്ച സമ്മേളനം, കേന്ദ്രബജറ്റ് ഉൾപ്പെടെയുള്ള സുപ്രധാന നടപടിക്രമങ്ങൾക്ക് സാക്ഷ്യംവഹിച്ചു. സമ്മേളനത്തിന്റെ അവസാന ദിനമായ ഇന്ന്, ശക്തമായ ഭരണ-പ്രതിപക്ഷ

പ്രതിഷേധത്തിനൊടുവിൽ ഇരുസഭകളും ഉച്ചയോടെ പിരിയുകയായിരുന്നു.

*******************

## മന്ത്രിസഭ

വൈബ്രൻറ് വില്ലേജ് പദ്ധതി രണ്ടാംഘട്ടത്തിന് അംഗീകാരം നൽകി കേന്ദ്രസർക്കാർ. രാജ്യാതിർത്തിയിലുള്ള ഗ്രാമങ്ങളുടെ സമഗ്രവികസനം ലക്ഷ്യമിട്ട്, 6,839 കോടി രൂപ ചിലവിൽ സമ്പൂർണ്ണ കേന്ദ്ര സഹായത്തോടെയാണ് പദ്ധതി നടപ്പാക്കുക. മഹാരാഷ്ട്ര, ഒഡീഷ, ഛത്തീസ്ഗഢ് എന്നീ സംസ്ഥാനങ്ങളിൽ 18,000 കോടി രൂപ ചെലവിൽ നാല് റെയിൽവേ വികസന പദ്ധതികൾ നടപ്പാക്കാനും ഇന്ന് ചേർന്ന മന്ത്രിസഭായോഗം തീരുമാനിച്ചു.

*******************

## ക്ഷേമ പെൻഷൻ

വിഷുവിനു മുന്നോടിയായി ഒരു ഗഡു ക്ഷേമ പെൻഷൻകൂടി അനുവദിച്ച് സംസ്ഥാനസർക്കാർ. ഏപ്രിൽ മാസത്തെ സാമൂഹ്യസുരക്ഷ, ക്ഷേമനിധി പെൻഷൻ വിതരണത്തിനായി 820 കോടി രൂപ അനുവദിച്ചതായി ധനമന്ത്രി കെ എൻ ബാലഗോപാൽ അറിയിച്ചു. പെൻഷൻ അടുത്ത ആഴ്ച ലഭിച്ചുതുടങ്ങും. വിഷുവിനുമുമ്പ് മുഴുവൻ പേർക്കും പെൻഷൻ ഉറപ്പാക്കണമെന്നും മന്ത്രി നിർദേശിച്ചു.

*******************

## CMRL പണമിടപാട് - പ്രതികരണം

മുഖ്യമന്ത്രിയുടെ മകൾ വീണ വിജയൻ ഉൾപ്പെട്ട സിഎംആർഎൽ-എക്സാലോജിക് പണമിടപാട് കേസിൽ, എസ്എഫ്ഐഒ കുറ്റപത്രം വിചാരണ കോടതിക്ക് കൈമാറി. കൊച്ചിയിലെ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ ആണ് കേന്ദ്ര ഏജൻസിയായ എസ്.എഫ്.ഐ.ഒ കുറ്റപത്രം നൽകിയത്. അതേസമയം, കേസിൽ വീണാ വിജയനെ പ്രതി ചേർത്ത സാഹചര്യത്തിൽ

RNU TVPM

മുഖ്യമന്ത്രി പിണറായി വിജയൻ ഉടൻ രാജി വയ്ക്കണമെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശനും, ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖറും ആവശ്യപ്പെട്ടു. കരിമണൽ കമ്പനിക്ക് മലിനീകരണ നിയന്ത്രണ ബോർഡിന്റെ സഹായം ലഭിച്ചത് മുഖ്യമന്ത്രി വഴിയാണെന്ന് മാത്യു കുഴൽനാടൻ എം.എൽ.എ ആരോപിച്ചു. അതേസമയം, വീണാ വിജയനെതിരെയുള്ള നടപടി രാഷ്ട്രീയ ഗൂഢാലോചനയാണെന്ന് സിപിഐഎം സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ പ്രതികരിച്ചു.

*******************

## വഖഫ് ഭേദഗതി - ഹർജി

വഖഫ് ഭേദഗതി ബില്ലിലെ വ്യവസ്ഥകളുടെ ഭരണഘടനാ സാധുത ചോദ്യം ചെയ്ത് കോൺഗ്രസ് എംപിയും ലോക്സഭയിലെ പാർട്ടി വിപ്പുമായ മുഹമ്മദ് ജാവേദ് സുപ്രീം കോടതിയിൽ ഹർജി നൽകി. നിർദ്ദിഷ്ട നിയമനിർമ്മാണം ഭരണഘടനയുടെ വിവിധ അനുച്ഛേദങ്ങളുടെ ലംഘനമാണെന്ന്, വഖഫ് ബിൽ സംബന്ധിച്ച സംയുക്ത പാർലമെന്ററി സമിതി അംഗം കൂടിയായ മുഹമ്മദ് ജാവേദ് ഹർജിയിൽ പറയുന്നു. ഇന്ന് പുലർച്ചെയാണ് പാർലമെന്റ് ബിൽ പാസാക്കിയത്.

*******************

## മന്ത്രി ജി ആർ അനിൽ

സംസ്ഥാനത്ത് 2024-25 സംഭരണ വർഷത്തെ രണ്ടാംവിള നെല്ല് സംഭരണം ഊർജ്ജിതമായി നടക്കുന്നുണ്ടെന്ന് മന്ത്രി ജി ആർ അനിൽ. 57 മില്ലുകളുമായി കരാറിൽ ഒപ്പുവച്ചതായും മന്ത്രി വാർത്താസമ്മേളനത്തിൽ പറഞ്ഞു. കൊയ്തിട്ട് ദിവസങ്ങൾ കഴിഞ്ഞിട്ടും നെല്ല് സംഭരിക്കുന്നില്ലെന്ന പ്രചരണം വസ്തുതാവിരുദ്ധമാണെന്നും മന്ത്രി കൂട്ടിച്ചേർത്തു.

*******************

## പെട്രോളിയം പെർമിറ്റ്

50 ലിറ്ററോ അതിൽ കൂടുതലോ ഉള്ള പെട്രോളിയം ഉത്പന്നങ്ങൾ സംസ്ഥാനത്തിനകത്തേക്ക് കൊണ്ട്

RNU TVPM

വരുന്നതിന് ഈ മാസം 10 മുതൽ പെർമിറ്റ് നിർബന്ധമാക്കി. ഇത് സംബന്ധിച്ച് സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് വിജ്ഞാപനം പുറപ്പെടുവിച്ചു. ഒരു പെർമിറ്റ് പ്രകാരം 75 ലിറ്റർ പെട്രോളിയം ഉത്പന്നങ്ങൾ മാത്രമേ കൊണ്ടുവരാനാകൂ. ഒരു വ്യക്തിക്ക് ആഴ്ചയിൽ ഒരു പെർമിറ്റ് മാത്രമാണ് അനുവദിക്കുക. മൂന്ന് ദിവസമാണ് പെർമിറ്റിന്റെ കാലാവധി.

*******************

## കെ-സ്മാർട്ട് സംവിധാനം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള സേവനങ്ങൾ ഏകീകൃത പ്ലാറ്റ്ഫോമിലൂടെ ലഭ്യമാക്കുന്ന കെ-സ്മാർട്ട് സംവിധാനം സംസ്ഥാനത്ത് ഈ മാസം 10 മുതൽ പൂർണസജ്ജമാകും. ksmart.lsgkerala.gov.in വെബ്സൈറ്റിലൂടെ യും മൊബൈൽ ആപ്ലിക്കേഷനിലൂടെയും സേവനങ്ങൾ ലഭിക്കും. സംസ്ഥാനത്തെ 941 ഗ്രാമപഞ്ചായത്തുകളിലും 152 ബ്ലോക്ക്, 14 ജില്ല പഞ്ചായത്തുകളിലും ഉൾപ്പെടെ കെ- സ്മാർട്ട് സേവനം വ്യാപിപ്പിക്കും.

*******************

## രവികുമാർ

പ്രശസ്ത ചലച്ചിത്രനടൻ രവികുമാർ അന്തരിച്ചു. അർബുദരോഗത്തെ തുടർന്ന് ചികിത്സയിലിരിക്കെ ചെന്നൈയിലാണ് അന്ത്യം. 71 വയസ്സായിരുന്നു. എഴുപതുകളിലെയും, എൺപതുകളിലേയും ശ്രദ്ധേയ താരമായിരുന്ന അദ്ദേഹം നൂറിലേറെ മലയാളച്ചിത്രങ്ങളിലും നിരവധി തമിഴ് ചിത്രങ്ങളിലും ടെലിവിഷൻ പരമ്പരകളിലും അഭിനയിച്ചിട്ടുണ്ട്. തൃശ്ശൂർ സ്വദേശിയാണ്. 1967 ൽ ഇന്ദുലേഖ എന്ന ചിത്രത്തിലൂടെ അരങ്ങേറ്റം കുറിച്ച രവികുമാർ, അമ്മ, ലിസ, അവളുടെ രാവുകൾ, അങ്ങാടി, സർപ്പം, തീക്കടൽ, അനുപല്ലവി തുടങ്ങി ചിത്രങ്ങളിലൂടെ ഏറെ ജനശ്രദ്ധ നേടി. മുഖ്യമന്ത്രി പിണറായി വിജയൻ, സ്പീക്കർ എഎൻ ഷംസീർ തുടങ്ങിയ പ്രമുഖർ അനുശോചനം രേഖപ്പെടുത്തി.

*******************

RNU TVPM

## എം.എം. മണി

ശാരീരിക ബുദ്ധിമുട്ടിനെ തുടർന്ന് മധുര അപ്പോളോ ആശുപത്രിയിൽ പ്രവേശിപ്പിച്ച മുതിർന്ന സിപിഎം നേതാവും ഉടുമ്പൻചോല എം.എൽ.എയുമായ എം.എം മണിയുടെ ആരോഗ്യ നിലയിൽ പുരോഗതി. വെന്റിലേറ്ററിൽ നിന്ന് മാറ്റിയെങ്കിലും ഡോക്ടർമാരുടെ നിർദ്ദേശ പ്രകാരം ഐ.സി.യുവിൽ തുടരുകയാണ്.

മധുരയിൽ സി.പി.എം പാർട്ടി കോൺഗ്രസിൽ പങ്കെടുക്കുകയായിരുന്ന അദ്ദേഹത്തെ ഇന്നലെ ഉച്ചയോടെയാണ് ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.

*******************

## ഗോകുലം ഗോപാലൻ - ഇ.ഡി

വ്യവസായിയും സിനിമാ നിർമാതാവുമായ ഗോകുലം ഗോപാലന്റെ സ്ഥാപനങ്ങളിൽ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് ഇന്ന് പരിശോധന നടത്തി. ചെന്നൈയിലും കോഴിക്കോടുമുള്ള സ്ഥാപനങ്ങളിലാണ് ED സംഘം പരിശോധന നടത്തിയത്. പരിശോധനയുടെ ഭാഗമായി ഗോകുലം ഗോപാലനെ ED ഉദ്യോഗസ്ഥർ ചോദ്യം ചെയ്തു.

RNU TVPM

*******************

## ഉത്തരക്കടലാസ് നഷ്ടപ്പെട്ട സംഭവം

കേരള സർവ്വകലാശാലയിൽ എംബിഎ ഉത്തരക്കടലാസുകൾ നഷ്ടപ്പെട്ട സംഭവത്തിൽ അധ്യാപകൻ സർവ്വകലാശാലയ്ക്ക് വിശദീകരണം നൽകി. ഉത്തരക്കടലാസുകൾ നഷ്ടപ്പെടുത്തിയത് മനഃപൂർവം അല്ലെന്നും പേപ്പറുകൾ നഷ്ടപ്പെട്ട ഉടൻ പൊലീസിന് പരാതി നൽകിയിരുന്നെന്നും അധ്യാപകൻ പറഞ്ഞു. അധ്യാപകൻ ജോലി ചെയ്യുന്ന പൂജപ്പുര ഐസിഎം ൻറെ ഡയറക്ടറിൽ നിന്നും വിശദീകരണം തേടിയ ശേഷം പരീക്ഷ കൺട്രോളർ അന്തിമ റിപ്പോർട്ട് സമർപ്പിക്കും. ഉത്തരക്കടലാസ് നഷ്ടപ്പെട്ടതിനെ തുടർന്നുള്ള പുന:പരീക്ഷ ഈ മാസം ഏഴിന് നടക്കും.

*******************

## ആലപ്പുഴ സ്വദേശ് ദർശൻ ( ഇൻട്രോ )

ആലപ്പുഴയെ ലോകോത്തര ജല വിനോദസഞ്ചാര കേന്ദ്രമായി ഉയർത്തുന്നത് ലക്ഷ്യമിടുന്ന സ്വദേശ് ദർശൻ 2.0 പദ്ധതിക്ക് കേന്ദ്രാനുമതി ലഭിച്ചു. സംസ്ഥാന സർക്കാർ തയ്യാറാക്കിയ പദ്ധതിക്ക് കേന്ദ്ര ടൂറിസം മന്ത്രാലയം 93 കോടി രൂപ അനുവദിച്ചതായി ജില്ലാ കളക്ടർ അറിയിച്ചു.

വിശദാംശങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ രവികുമാർ....

( വോയിസ്... )

*******************

## മഴ - കടലാക്രമണം

ചക്രവാതച്ചുഴിയുടെ സ്വാധീനത്താൽ സംസ്ഥാനത്ത് അടുത്ത അഞ്ചു ദിവസം ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തിരുവനന്തപുരം മുതൽ തൃശൂർ വരെയുള്ള എട്ട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി കന്യാകുമാരി തീരത്ത് നാളെ ഉയർന്ന തിരമാലക്കും കടലാക്രമണത്തിനും സാധ്യതയുണ്ടെന്നും ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു. മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണം.

RNU TVPM

*******************

## സെൻസെക്സ് + സ്വർണവില

യുഎസിൻ്റെ പകരത്തീരുവ പ്രഖ്യാപനത്തെ തുടർന്ന് രാജ്യത്തെ ഓഹരി വിപണികളിൽ വൻ നഷ്ടം. സെൻസെക്സ് 931 പോയിന്റ് ഇടിഞ്ഞ് 75,365 ലും നിഫ്റ്റി 346 പോയിന്റ് നഷ്ടത്തിൽ 22,904 ലും വ്യാപാരം അവസാനിപ്പിച്ചു. യുഎസ് ഓഹരി വിപണിയും കനത്ത നഷ്ടം നേരിടുകയാണ്.

സ്വർണവിലയും കുത്തനെ കുറഞ്ഞു. പവന് 1,280 രൂപ കുറഞ്ഞ് 67,200 രൂപയും ഗ്രാമിന് 8,400 രൂപയുമാണ് ഇന്നത്തെ വില.

*******************

## ഐപിഎൽ

ഐപിഎൽ ക്രിക്കറ്റിൽ ലഖ്നൗ സൂപ്പർ ജയൻറ്സ് ഇന്ന് മുംബൈ ഇന്ത്യൻസിനെ നേരിടും. ലഖ്നൗവിൽ രാത്രി 7.30 നാണ് മത്സരം.

*******************

## തെരുവ് നായ

മാവേലിക്കര നഗര മധ്യത്തിൽ മുപ്പതോളം പേർക്ക് തെരുവ് നായയുടെ കടിയേറ്റു. മൂന്ന് വയസുകാരിക്ക് ഉൾപ്പടെയാണ് ഇന്നലെയും ഇന്നുമായി തെരുവുനായ ആക്രമണത്തിൽ പരിക്കേറ്റത്. നായയെ ഇതുവരെ കണ്ടെത്താനായിട്ടില്ല.

*******************

## കൽപ്പറ്റ - യുവാവിന്റെ മരണം

വയനാട് കൽപ്പറ്റ പോലീസ് സ്റ്റേഷൻ ശുചി മുറിയിൽ ആദിവാസി യുവാവ് ജീവനൊടുക്കിയ സംഭവത്തിൽ പോലീസ് കംപ്ലൈന്റ് അതോറിറ്റി പരിശോധന നടത്തി. അതോറിറ്റി ചെയർമാൻ ജസ്റ്റിസ് വി.കെ മോഹനൻറെ നേതൃത്വത്തിൽ സ്റ്റേഷനിലെ സിസിടിവി ദൃശ്യങ്ങൾ ഉൾപ്പെടെയാണ് പരിശോധിച്ചത്.

*******************

*************

*********

RNUTVPM